## പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2504 | 09.03.2017 ന് മറുപടിയ്ക്ക്

### റാപ്പിഡ് റെസ്പോൺസ് ടീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിന് കീഴിൽ സംസ്ഥാനത്ത്റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി) പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ലക്ഷ്യമെന്താണ്; സംസ്ഥാനത്ത് ഇങ്ങനെ പ്രവർത്തിക്കുന്ന എത്ര യൂണിറ്റുകളുണ്ട്; എവിടെയൊക്കെ എന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന അടിയന്തിര സാഹചര്യം ഉണ്ടാകുമ്പോൾ സമയോചിതമായി പ്രവർത്തിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേക്ക് തിരികെ തുരത്തുന്നതിനും ആർ.ആർ.ടി-യുടെ സേവനം വിനിയോഗിച്ചു വരുന്നു.<br>സംസ്ഥാനത്ത് 14 ആർ.ആർ.ടി-കൾ ചുവടെ പറയുന്ന സ്ഥലങ്ങൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. |

| | |
|---|---|
| 1. പേപ്പാറ | 8. മണ്ണാർക്കാട് |
| 2. പുനലൂർ | 9. നിലമ്പൂർ |
| 3. റാന്നി | 10. താമരശ്ശേരി |
| 4. മൂന്നാർ | 11. സുൽത്താൻ ബത്തേരി |
| 5. പീരുമേട് | 12. തളിപ്പറമ്പ് |
| 6. മലയാറ്റൂർ | 13. കൽപ്പറ്റ |
| 7. ഒലവക്കോട് | 14. കാസർഗോഡ് |

| | |
|---|---|
| (ബി) കാസർകോട് ആർ.ആർ.ടി യൂണിറ്റിൽ ആവശ്യമായ ഉദ്യോഗസ്ഥരോ | (ബി) സർക്കാർ ഉത്തരവ് (എം.എസ്) നം.73/2014/വനം തീയതി 28.02.2014 പ്രകാരം |

| | |
|---|---|
| ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമായ ജീവനക്കാരെയും വാഹനവും എന്നത്തേക്ക് അനുവദിക്കാനാകും എന്ന് വ്യക്തമാക്കാമോ? | കാസർഗോഡ് ഉൾപ്പെടെ 5 ആർ.ആർ.റ്റി-കൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ ടി ആർ.ആർ.റ്റി-കൾക്കുവേണ്ടി പുതിയ തസ്തികകൾക്കോ, വാഹനങ്ങൾക്കോ അനുമതി ഉണ്ടായിരുന്നില്ല. ആയതിനാൽ നിലവിലുള്ള ജീവനക്കാർ, വാഹനങ്ങൾ എന്നിവ പുനഃക്രമീകരിച്ചുകൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ പുനഃസംവിധാനം ചെയ്തുകൊണ്ടും ആർ.ആർ.റ്റി-കളുടെ പ്രവർത്തനം നടന്നുവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാസർഗോഡ് ആർ.ആർ.റ്റി-യ്ക്ക് വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

VBeena
സെക്ഷൻ ഓഫീസർ